## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1667 08.06.2018- ൽ മറുപടിയ്ക്ക്

## അമിത കീടനാശിനി പ്രയോഗം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.സി. മമ്മദ് കോയ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അമിതമായ കീടനാശിനി പ്രയോഗം ഉണ്ടാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളിൽ അമിതമായ കീടനാശിനി പ്രയോഗം ഉണ്ടാകുന്നില്ല. എന്നാൽ പഴം, പച്ചക്കറി സാമ്പിളുകളുടെ വിഷാംശം പരിശോധിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ കീഴിൽ " വെള്ളായണി കാർഷിക കോളേജിൽ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബ് " പ്രവർത്തിക്കുന്നുണ്ട്. പഴം, പച്ചക്കറി സാമ്പിളുകൾ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് ടി ലാബിൽ പരിശോധന നടത്തി 3 മാസത്തിലൊരിക്കൽ പരിശോധന ഫലം കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in-ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ് സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും അമിതമായ തോതിൽ കീടനാശിനി പ്രയോഗിച്ച പച്ചക്കറികളും പഴവർഗ്ഗങ്ങളും കേരളത്തിലേക്ക് കൊണ്ടു വരുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണറും, കാർഷിക സർവ്വകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുകയും തമിഴ്നാട് കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**